പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5547 04.07.2013 -ൽ മറുപടിക്ക്.

അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. പാലോട് രവി:<br>ശ്രീ. റ്റി. എൻ. പ്രതാപൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികളെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ ആരംഭിച്ചിട്ടുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. 06.06.2013 വരെ 33765 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ അന്യസംസ്ഥാന തൊഴിലാളികളെയും നിർബന്ധിതമായി രജിസ്റ്റർ ചെയ്ത് ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) അന്യസംസ്ഥാന തൊഴിലാളികളെ നിർബന്ധിതമായി രജിസ്റ്റർ ചെയ്ത് ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികൾക്ക് സാധാരണ ചികിത്സ ധനസഹായവും അപകടം സംഭവിച്ചാൽ ഉണ്ടാകുന്ന ചികിത്സക്കുള്ള സഹായം, അപകടത്തിൽ മരണപ്പെട്ടാൽ നോമിനിയ്ക്ക് ധനസഹായം, ഭൗതിക ശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, സംസ്ഥാനത്തെ തൊഴിൽ നിർത്തി പോകുന്നവർക്ക് ടെർമിനൽ ബെനിഫിറ്റ് എന്നിവ നൽകുന്നതിനുള്ള ഉദ്ദേശവുമുണ്ട്. |

| | |
|---|---|
| (സി) ഇതിനായി നിയമനിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. കേരളത്തിലെ നിലവിലുള്ള സാമൂഹിക ചുററുപാടുകളിൽ അന്യസംസ്ഥാന തൊഴിലാളികളുടെ വരവ് ഒരു യാഥാർത്ഥ്യമായി ഉൾക്കൊണ്ടുകൊണ്ടുള്ള നിയമനിർമ്മാണമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കുടിയേറ്റ തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമ നിർമ്മാണമാണ് സർക്കാർ പരിഗണിക്കുന്നത്. കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) ഇവർക്ക് ആവശ്യമായ സുരക്ഷയും അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തുമോ? | (ഡി) ഉൾപ്പെടുത്തും. |

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ.